**Athmaraksha.org**

മറ്റു ലേഖനങ്ങൾ

## എന്താണ് ബലിയർപ്പണത്തിന്റെ ലക്ഷ്യം?



### ക്രൈസ്തവ ആരാധനയുടെ കേന്ദ്രബിന്ദുവാണ് വി.കുർബാന.

'ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവും' എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അതിനെ വിശേഷിപ്പിച്ചിരിക്കുന്നത് (തിരുസഭ, നമ്പർ 11). വി.കുർബാന ബലിയും വിരുന്നുമാണ്. അതോടൊപ്പം അത് ഒരു കൂദാശയും കൂടിയാണ്.

### ബലി എന്നാൽ എന്താണ്?

ദൈവസന്നിധിയിൽ നടത്തപ്പെടുന്ന കാഴ്ചസമർപ്പണമാണ് ബലി. സാധാരണ ഭാഷയിൽ പറഞ്ഞാൽ അത് ദൈവത്തിനുള്ള ഒരു സമ്മാന ദാനമാണ്.

### ബലിയുടെ ലക്ഷ്യങ്ങൾ

1. ആരാധന, 2. നന്ദിപ്രകടനം, 3. അനുരഞ്ജനം, 4. അനുഗ്രഹയാചന

ബലിയർപ്പണത്തിന്റെ യഥാർത്ഥ അർത്ഥം: ബലിവസ്തു (കാഴ്ചവസ്തു) ഒരു പ്രതീകം മാത്രമാണ്. ആന്തരികമായ നമ്മുടെ മനോഭാവത്തെയാണ് അത് സൂചിപ്പിക്കുക. അടിസ്ഥാനപരമായി ബലിവസ്തു വഴി നാം നമ്മെത്തന്നെയാണ് ദൈവത്തിന് സമർപ്പിക്കുന്നത്. അതുകൊണ്ട് ദൈവസന്നിധിയിലുള്ള ബലിയർപ്പണം യഥാർത്ഥത്തിൽ ആത്മാർപ്പണം തന്നെയാണ്. ആകയാൽ ബലിയർപ്പണത്തിന്റെ മൂല്യം അടങ്ങിയിരിക്കുന്നത് ബലിവസ്തുവിന്റെ വിലയിലല്ല, നേരെ മറിച്ച് നമ്മുടെ സ്വയം സമർപ്പണത്തിന്റെ പൂർണ്ണതയിലും ആത്മാർത്ഥതയിലുമാണ്. 'ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്' (മത്താ.9:13,12:7), 'ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി' (സങ്കീ.51:17), 'ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്, ദഹനബലിയല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം' (ഹോസിയ 6:6) എന്നീ ബൈബിൾ വാക്യങ്ങൾ മുകളിൽ പറഞ്ഞ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുക. കൊച്ചുകാശുമാത്രം കാഴ്ച നൽകിയ വിധവയെ കർത്താവ് പ്രശംസിച്ച കാര്യവും (ലൂക്ക 21:14) ആത്മാർത്ഥമായ സമർപ്പണത്തെപ്പറ്റിയുള്ള സൂചനയാണ്.

ക്രിസ്തുനാഥന്റെ ബലി

'ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ച സ്വയം ബലിയണച്ച'

ക്രിസ്തുനാഥൻ ലോകത്തിലേക്കുവന്നത് പാപികളെ രക്ഷിക്കുവാൻ വേണ്ടിയാണ്. പാപം ചെയ്ത് ദൈവത്തിന്റെ സ്നേഹത്തിൽനിന്നും അകന്നുപോയ മാനവരാശിയെ ദൈവവുമായി അനുരഞ്ജനപ്പെടുത്തി രക്ഷിക്കുക എന്നതായിരുന്ന അവിടുത്തെ ദൗത്യം (യോഹ.3:16). തന്റെ പ്രബോധനങ്ങൾ വഴിയും ജീവിതസാക്ഷ്യം വഴിയും അവസാനം തന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും വഴിയുമാണ് അവിടുന്ന് തന്റെ ഈ ദൗത്യം പൂർത്തിയാക്കിയത് (കൊളോ.1:21-22).

രക്ഷകനായ ഈശോ കുരിശിൽ അർപ്പിച്ച ബലി ലോകാന്ത്യം വരെ തന്റെ സഭ തുടർന്നുകൊണ്ടുപോകണമെന്നായിരുന്ന അവിടുത്തെ തിരുമനസ്സ്. അതിനുവേണ്ടിയാണ് അവിടുന്ന് തന്റെ പീഡാനുഭവത്തിന്റെ തലേരാത്രിയിൽ അന്തിമ അത്താഴ സമയത്ത് വി.കുർബാന സ്ഥാപിച്ചത്. 'നമ്മുടെ രക്ഷകൻ തന്റെ തിരുശരീരരക്തങ്ങളുടെ ബലിയായ വി.കുർബാന താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ തന്റെ അവസാനത്തെ അത്താഴവേളയിൽ സ്ഥാപിച്ചു. കുരിശിലെ തന്റെ ബലി തന്റെ പുനരാഗമനം വരെ എല്ലാക്കാലവും അവിരാമം തുടർന്നുകൊണ്ടുപോകുവാൻ വേണ്ടിയാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. ഇതുവഴിയായി തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെ യും സ്മരണ തന്റെ പ്രിയതമയായ സഭയ്ക്ക് അവിടുന്ന് ഭരമേൽപ്പിച്ചു' (വത്തിക്കാൻ II ലിറ്റർജി, നമ്പർ 47). ക്രിസ്തുനാഥന്റെ താൽപര്യ പ്രകാരവും അവിടുത്തെ കൽപന അനുസരിച്ചുമാണ് അന്തിമ അത്താഴത്തിന്റെ ആചരണത്തിലൂടെ ഗാഗുൽത്തായിലെ തന്റെ പരമബലി നമ്മുടെ അൾത്താരകളിൽ പുനരവതരിപ്പിക്കപ്പെടുന്നത്. അന്തിമ അത്താഴസമയത്ത് കർത്താവ് നൽകിയ കൽപന അനുസരിച്ച് സഭയുടെ ആരംഭകാലം മുതൽ (നടപടി 2:42, 47:1 കോറി.10:16; 11:23-26) അവിടുത്തെ ബലിയുടെ പുനരവതരണം തുടർന്നുകൊണ്ടു പോരുകയാണ്.

## വി.കുർബാനയുടെ കാതലായ ഭാഗങ്ങൾ

കാഴ്ചവെയ്പ്പ്, കാഴ്ചവസ്തുക്കളുടെ വിശുദ്ധീകരണം, വി.കുർബാന സ്വീകരണം എന്നിവയാണ് വി.ബലിയുടെ പ്രധാന ഭാഗങ്ങൾ

## 1. കാഴ്ചവെയ്പ്പ്

'നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.' ദിവ്യബലിയിൽ കാഴ്ചവെയ്പ്പിന്റെ സമയത്ത് കർത്താവിന്റെ സഭയിലെ അംഗങ്ങളായ നമ്മൾ അപ്പവും വീഞ്ഞും ദൈവത്തിന് കാഴ്ചവസ്തുക്കളായി സമർപ്പിക്കുന്നു. ഇത് പ്രതീകാത്മകമായ ഒരു സമർപ്പണം മാത്രമാണ്. അപ്പവും വീഞ്ഞും കാഴ്ചവയ്ക്കുക വഴി നാം നമ്മെത്തന്നെയാണ് ദൈവത്തിന് സമർപ്പിക്കുന്നത്.

നമ്മുടെ ജീവൻ നിലനിർത്തുന്ന വസ്തുക്കളാണ് ഭക്ഷണപാനീയങ്ങൾ. അതുകൊണ്ട് അവ നമ്മുടെ ജീവന്റെ പ്രതീകമായി പരിഗണിക്കപ്പെടുന്നു (പ്രഭാ. 34:21-22). അങ്ങനെ അപ്പവും വീഞ്ഞും കാഴ്ച സമർപ്പിക്കുകവഴി പ്രതീകാത്മകമായി നമ്മെത്തന്നെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുകയാണ് നാം ഇവിടെ ചെയ്യുക. അതായത് നമ്മുടെ ജീവനും ആത്മാവും ശരീരവും ബുദ്ധിയും ശക്തിയും സകല കഴിവുകളും ചുരുക്കിപറഞ്ഞാൽ നമ്മുടെ സർവ്വവും പരിപൂർണ്ണമായും ദൈവത്തിന് സമർപ്പിതമാകുന്നു (കാഴ്ചവെയ്പ്പു സമയത്ത് ആലപിക്കുന്ന ഭക്തിഗാനങ്ങളെല്ലാം ഈ ആശയം ഉൾക്കൊള്ളുന്നവയാണ് കാണുക, വത്തിക്കാൻ II ലിറ്റർജി നമ്പർ 48, വൈദികർ, നമ്പർ 5).

## 2. കാഴ്ചദ്രവ്യങ്ങളുടെ വിശുദ്ധീകരണം

'മിശിഹാ കർത്താവിൻ തിരുമെയ് നിണവുമിതാപാവന ബലിപീഠേ.' സഭയുടെ അദൃശ്യതലവനായ ക്രിസ്തുവിന്റെ (എഫേ.4;16; കൊളോ.1:18) പ്രവർത്തനമാണ് ഇവിടെ നടക്കുക. അപ്പവും വീഞ്ഞും കാഴ്ചവയ്ക്കുകവഴി പ്രതീകാത്മകമായി നമ്മെത്തന്നെ പൂർണ്ണമായും

ദൈവത്തിന് നാം കാഴ്ചവച്ചു കഴിഞ്ഞിരിക്കുകയാണ്. എങ്കിലും നമ്മുടെ സമർപ്പണത്തിന്റെ മൂല്യം ദൈവസന്നിധിയിൽ പരിമിതമാണ്. പവിത്രീകരണം വഴി നമ്മുടെ കാഴ്ചദ്രവ്യങ്ങൾ ക്രിസ്തുനാഥന്റെ ശരീരരക്തങ്ങളായി മാറ്റപ്പെടുന്നു. കർത്താവിന്റെ വചനത്തിന്റെ ശക്തിയാലാണ് ഈ മാറ്റം സംഭവിക്കുന്നത്. അന്തിമ അത്താഴസമയത്ത് അവിടുന്ന് അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ഉച്ചരിച്ച വാക്കുകൾ അവിടുത്തെ പ്രതിനിധിയായ പുരോഹിതൻ അൾത്താരയിലെ കാഴ്ചവസ്തുക്കളുടെ മേൽ ഉച്ചരിക്കുമ്പോൾ അവ യഥാർത്ഥത്തിൽ കർത്താവിന്റെ ശരീരരക്തങ്ങളായി മാറുന്നു (കാണുക, ജോൺ പോൾ രണ്ടാമൻ പാപ്പാ, സഭയും വി.കുർബാനയും പേജ് 11).

അങ്ങനെ അന്തിമ അത്താഴത്തിലെ ബലിയുടെ ആവർത്തനം വഴി ഗാഗുൽത്തായിലെ ബലി അൾത്താരയിൽ രഹസ്യാത്മക രീതിയിൽ ആവർത്തിക്കപ്പെടുന്നു (1കോറി.11:26). സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹപ്രകടനം ഇല്ലായെന്ന് പഠിപ്പിക്കുകയും തന്റെ ജീവിതമാതൃക വഴി നമുക്കിത് കാണിച്ചുതരികയും ചെയ്ത രക്ഷകന്റെ ബലിയോടൊപ്പം നമ്മുടെ ജീവിതബലിയും ദൈവത്തിനും ദൈവജനത്തിനും വേണ്ടി സമർപ്പണം നടത്തേണ്ട സമയമാണിത്. അങ്ങനെ 'വീഞ്ഞ് കാസയിൽ ഒരു നീർത്തുള്ളിപോൽ'; കർത്താവിന്റെ ആത്മബലിയിൽ ലയിച്ച് ദൈവസന്നിധിയിലേക്ക് നമ്മളും ഉയർത്തപ്പെടുന്നു. ഇത് വഴി യേശുവിന്റെ രക്ഷാകര പദ്ധതിയിൽ എളിയ രീതിയിലെങ്കിലും പങ്കുകാരാകുവാനുള്ള ഭാഗ്യം നമുക്കും കൈവരുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും മഹനീയമായ ഒരു കർത്തവ്യവും അവർണ്ണനീയമായ ഒരു അനുഗ്രഹവുമാണിത്.

മുകളിൽ പറഞ്ഞ വിധത്തിൽ കർത്താവിനോടൊപ്പം ബലിയർപ്പിക്കുവാൻ നമുക്ക് സാധിക്കണമെങ്കിൽ അവിടുത്തെ അരൂപി നമ്മിലും ഉണ്ടായിരിക്കണം (ഫിലി.2:58). വി.പൗലോസിനെപ്പോലെ 'എനിക്കു ലോകവും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു' (ഗലാത്തി.6:14). അതുകൊണ്ട് 'ഇനി ഞാനല്ല ജീവിക്കുന്നത് എന്നിൽ യേശു ജീവിക്കുന്നു' (ഗലാത്തി.2:20) എന്ന് ആത്മാർത്ഥമായി പറയുവാൻ നമുക്കും സാധിക്കണം. ആ രീതിയിലായിരിക്കണം യഥാർത്ഥത്തിൽ നമ്മുടെ ജീവിതശൈലി.

## 3. വി.കുർബാന സ്വീകരണം

കർത്താവിന്റെ ബലിവേദിയിലേക്ക് ഞാനണയും (സങ്കീ.43:4). രക്ഷയുടെ കാസ എടുത്തുകൊണ്ട് ഞാൻ കർത്താവിന്റെ നാമം വിളിക്കും (സങ്കീ. 116:13). യേശുവിനോടൊപ്പം നമ്മൾ അർപ്പിച്ച ബലിയിൽ സംപ്രീതനായ ദൈവം അനുരഞ്ജനസൂചകമായി നമ്മെ ഒരു വിരുന്നിന് ക്ഷണിക്കുകയാണ്. നമ്മൾ അർപ്പിച്ച അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി മാറിയല്ലോ. ഈ തിരുവസ്തുക്കൾ തന്നെയാണ് ദൈവം നമുക്ക് നൽകുന്ന വിരുന്നിലെ വിഭവങ്ങൾ. ഇവിടെ ബലി വിരുന്നായി മാറുകയാണ്.

നമ്മൾ പങ്കെടുക്കുന്ന വിരുന്നിൽ കർത്താവിന്റെ തിരുശരീരവും തിരുരക്തവും നമ്മുടെ ആത്മാവിന്റെ ഭക്ഷണപാനീയങ്ങളായി നമ്മൾ സ്വീകരിക്കുന്നു. അതുവഴി നമ്മുടെ ആത്മാവിൽ ദൈവവരപ്രസാദം വർദ്ധിക്കുകയും ദൈവികജീവൻ നമ്മിൽ വളരുകയും ചെയ്യുന്നു. അങ്ങനെ ബലിയും വിരുന്നുമായ വി.കുർബാന ഇവിടെ കൂദാശയായി പ്രവർത്തിക്കുന്നു. മറ്റ് കൂദാശകളിൽ നമ്മൾ വരപ്രസാദമാണ് സ്വീകരിക്കുന്നതെങ്കിൽ ഇവിടെ വരപ്രസാദത്തിന്റെ നാഥനും കർത്താവുമായ രക്ഷകനെത്തന്നെ സ്വീകരിക്കുവാനുള്ള ഭാഗ്യമാണ് നമുക്ക് ലഭിക്കുക.

ഈ വിരുന്നിലേക്കുള്ള സ്വർഗീയ പിതാവിന്റെ ക്ഷണം നാം ഒരിക്കലും നിരസിക്കരുത്. വി.കുർബാന സ്വീകരിക്കാതെയുള്ള ബലിയർപ്പണം ഒരിക്കലും പരിപൂർണ്ണമായിരിക്കുകയില്ല. നമ്മൾ വിശ്വാസത്തോടെ, സ്നേഹത്തോടെ, എളിമയോടെ, നന്ദിയോടെ ഈ വിരുന്നിലേക്കുള്ള ക്ഷണം സ്വീകരിക്കണം.

ഈ വിരുന്നിൽ പങ്കെടുക്കുമ്പോൾ നമ്മിൽ അയോഗ്യത പാടില്ല (മത്താ.22:11-12). ഏതവസരത്തിലും ഈ വിരുന്നിൽ പങ്കെടുക്കുവാൻ തക്ക യോഗ്യതയുള്ള

രീതിയിലായിരിക്കണം ഒരു ക്രിസ്ത്യാനിയുടെ ജീവിതശൈലി. എങ്കിലും ഈ വിഷയത്തിൽ പരിപൂർണ്ണമായ സ്വയം പര്യാപ്തത നമുക്ക് അസാധ്യമാണ്. നമ്മുടെ യോഗ്യത നമുക്ക് ലഭിക്കേണ്ടത് കർത്താവിന്റെ കാരുണ്യം വഴി മാത്രമാണ്. അതുകൊണ്ട് 'കർത്താവായ ദൈവമേ, ഞങ്ങൾ അയോഗ്യരാകുന്നു. ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു. എങ്കിലും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ രഹസ്യത്തിലേക്ക് അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു' എന്ന ബോധ്യത്തോടെ 'കർത്താവേ അങ്ങ് എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരുവാൻ ഞാൻ യോഗ്യനല്ല; അങ്ങ് ഒരു വാക്ക് അരുളിചെയ്താൽ മതി എന്റെ ആത്മാവ് ശുദ്ധി പ്രാപിക്കും' എന്ന് എളിമയോടും വിശ്വാസത്തോടുംകൂടെ ഏറ്റുപറഞ്ഞുകൊണ്ട് ആയിരിക്കണം നമ്മൾ കർത്താവിന്റെ മേശയെ സമീപിക്കുക.

അങ്ങനെ കർത്താവിനോടുകൂടി സ്വർഗീയ പിതാവിന് ബലിയർപ്പിച്ച് അവിടുത്തെ ദാനമായ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൻ രക്ഷകനായ യേശുവിനെ പൂർണ്ണമായി, ആത്മാവോടും ശരീരത്തോടും ദൈവസ്വഭാവത്തിലും മനുഷ്യസ്വഭാവത്തിലും സ്വീകരിക്കുവാനുള്ള ഭാഗ്യമാണ് നമുക്ക് ഇവിടെ ലഭിക്കുക. യേശുവുമായി നമ്മുടെ ആത്മാവ് ഒന്നായിത്തീരുന്ന അനുഗ്രഹസമ്പന്നമായ നിമിഷമാണിത് (യോഹ.6:56). അതോടൊപ്പം ക്രിസ്തുവിൽ നമ്മുടെ സഹോദരങ്ങളുമായും നമ്മൾ ഐക്യം പ്രാപിക്കുന്നു (1കോറി.10:17).അങ്ങനെ ദൈവത്തിന് ബലിയർപ്പിച്ച് സ്വർഗീയ വിരുന്നിൽ പങ്കുകൊണ്ട് ആത്മാവിൽ ശക്തി പ്രാപിച്ച് സംതൃപ്തരായി നാം ജീവിതയാത്ര തുടരുകയാണ്, ബലിയർപ്പകരായി മാത്രമല്ല, വാസ്തവത്തിൽ ബലിജീവിതം നയിക്കുന്നവരായി.'കുരിശുകൾ സന്തോഷത്തോടെ സഹിച്ചുകൊണ്ട് അങ്ങേ തിരുക്കുമാരന്റെ ബലിജീവിതം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമേ' (സമാപനപ്രാർത്ഥന, കാറോസൂസ, നോമ്പുകാലം. സമാപന പ്രാർത്ഥന, കാറോസൂസ ഉയിർപ്പുകാലം).

'എന്റെ ആയുസ്സിൻ ദിനമാകെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ.'

കടപ്പാട് : ഫാ.ജേക്കബ് നടയം, www.sundayshalom.com